# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 629 13.06.2012-ൽ മറുപടിയ്ക്ക്

## എസ്. എ. ടി. ആശുപത്രിയിൽ ശിശുക്കൾക്ക് അണുബാധ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീമതി പി. അയിഷാ പോറ്റി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എസ്. എ. റ്റി. ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അണുബാധയേറ്റ ശിശുക്കളുടെ എണ്ണം വളരെ വർദ്ധിച്ചതും അമ്പതിലധികം നവജാത ശിശുക്കൾ മരണപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഇതിന്റെ കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;<br><br>(സി) ഇക്കാര്യത്തിൻ എന്ത് നടപടിയാണ് സ്വീകരിച്ചത് ; | എ ബി & സി | എസ്. എ. റ്റി. ആശുപത്രിയിൽ ഏപ്രിൽ 2011 മുതൽ ഏപ്രിൽ 2012 വരെയുള്ള കാലയളവിൽ 10480 പ്രസവങ്ങളാണ് നടന്നത്. ഇതിൽ, ഐ. ബി. എൻ. ൽ 2,667 ശിശുക്കളെയാണ് പലവിധ രോഗങ്ങളാൽ പ്രവേശിപ്പിച്ചത്. പുറമെ നിന്നുവരുന്ന കുഞ്ഞുങ്ങളിൽ 1,681 ശിശുക്കളെയാണ് ഒ. ബി. എൻ. ൽ പ്രവേശിപ്പിച്ചത്. ഐ. ബി. എൻ. ൽ അണുബാധയുള്ള 88 കുഞ്ഞുങ്ങളും ഒ. ബി. എൻ. ൽ അണുബാധയുള്ള 104 കുഞ്ഞുങ്ങളുമാണ് ഉണ്ടായിരുന്നത്. ഐ.ബി.എൻ.ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ അഞ്ച് കുഞ്ഞുങ്ങളും, ഒ. ബി. എൻ. ൽ പ്രവേശിപ്പിക്കപ്പെട്ടതിൽ ഒമ്പത് കുഞ്ഞുങ്ങളുമാണ് മരണപ്പെട്ടത്. ബാക്കിയുള്ള കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ സാധിച്ചു. എസ്.എ.റ്റി. ആശുപത്രിയിൽ പ്രസവത്തിനായെത്തുന്നവരിൽ നല്ലൊരു ശതമാനം മറ്റ് ആശുപത്രികളിൽ നിന്ന് റഫർ ചെയ്യുന്നതാണ്. പലവിധ അസുഖങ്ങളോടുകൂടിയാണ് ഇവർ എത്തുന്നത്. ഇപ്രകാരം എത്തുന്നവരിൽ നിന്നു മാത്രമേ അണുബാധ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളു. പത്ര - ദൃശ്യമാധ്യമങ്ങളിൽ ഇത് സംബന്ധിച്ച വാർത്ത വന്നപ്പോൾ |

| | | |
|---|---|---|
| | | തന്നെ ആരോഗ്യമന്ത്രി ആശുപത്രി സന്ദർശിക്കുകയും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അന്വേഷണത്തിന് ചുമതലപ്പെടുത്തുകയും ചെയ്തു. അണുബാധ ആശുപത്രിയിൽ നിന്ന് ഉണ്ടായതാണോ ? അല്ലയോ ? എന്ന് വ്യക്തമാകുവാൻ ആശുപത്രിയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും രണ്ട് സെറ്റ് സ്വാബുകൾ എടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഒന്ന് മെഡിക്കൽ കോളേജിലും, മറ്റൊന്ന് ഒരു ബാഹ്യ ഇൻസ്റ്റിറ്റ്യൂട്ടിലും . പൂർണ്ണമായ റിപ്പോർട്ട് ലഭിക്കാൻ രണ്ട് ആഴ്ചയെടുക്കും. പ്രിൻസിപ്പൽ സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ വിവരങ്ങൾ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ